LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ നഗരത്തിലെ ഗതാഗതക്കുരുക്ക്

170 (7733) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലപ്പുഴ നഗരത്തിലെ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

ഉണ്ട്. ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ ട്രാഫിക്ക് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. റോഡിന്റെ വശങ്ങളിലെ അനധികൃത പാർക്കിങ്ങിനെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

എയർപോർട്ട് സുരക്ഷാ ഡ്യൂട്ടിക്ക് സബ് ഇൻസ്പെക്ടർമാരുടെ ഒഴിവ്

171 (7734) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർപോർട്ടുകളിൽ സുരക്ഷാ ചുമതലയ്ക്ക്, പോലീസിൽ നേരിട്ട് നിയമനം ലഭിച്ച ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ നിന്നും സബ് ഇൻസ്പെക്ടർമാരെ നിയമിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ ; വിശദമാക്കാമോ ;

(ബി) എയർപോർട്ട് സുരക്ഷാഡ്യൂട്ടിക്ക് സബ്ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഇത്തരമൊരു നിർദ്ദേശം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 300 സബ്-ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ കേരളത്തിലെ വിവിധ എയർപോർട്ടുകളിൽ നിലവിലുണ്ടെന്ന് എമിഗ്രേഷൻ വിഭാഗം അറിയിച്ചിട്ടുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ബ്യൂറോ ഓഫ് എമിഗ്രേഷനാണ്.

എസ്.ഐ.-മാരുടെ ട്രെയിനിംഗിന് ഏകീകൃത സിലബസ്

172 (7735) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡി.എ.ആർ.-ഉം ജി.ഇ.ബി.-യും കൂട്ടിച്ചേർത്ത് കേരള സിവിൽ പോലീസ് കേഡർ നിലവിൽ വന്നത് എപ്പോഴാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഒരേ സിലബസിൽ പരീക്ഷയും, ശാരീരികക്ഷമതാ ടെസ്റ്റും കഴിയുന്ന മേൽപ്പറഞ്ഞ രണ്ടു വിഭാഗങ്ങളിലെ എസ്.ഐ. മാർക്ക് രണ്ടു സിലബസ്സ് പ്രകാരമുള്ള ട്രെയിനിംഗ് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;